**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2134** **03-03-2025 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിൽ അവയവമാറ്റ ശസ്ത്രക്രിയകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ശരീരത്തിലെ ഏതെങ്കിലും ഒരു പ്രധാന അവയവത്തിന്റെ പ്രവർത്തനം നിലയ്ക്കുന്നത് മൂലം പ്രതിവർഷം അഞ്ച് ലക്ഷത്തിലധികം പേർ രാജ്യത്ത് മരിക്കുന്നുണ്ടെന്ന ദേശീയ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സർക്കാർ ആശുപത്രികളിൽ അവയവദാന ശസ്ത്രക്രിയകൾ നടത്തുന്നതിന് ഈ സർക്കാർ പുതുതായി മികച്ച സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; അവയവദാനത്തിന് മാത്രമായി ഒരു സ്ഥാപനം സംസ്ഥാനത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കുമോ; | (ബി) | ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം എറണാകുളം ജനറൽ ആശുപത്രിയിൽ വൃക്ക, ഹൃദയം മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ സൗകര്യം പുതുതായി ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്കിൻ ബാങ്ക്, സ്കിൻ ട്രാൻസ്പ്ലാന്റ് സൗകര്യങ്ങൾ എന്നിവ തുടങ്ങുകയും കരൾമാറ്റ ശസ്ത്രക്രിയ പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ കരൾ മാറ്റ ശസ്ത്രക്രിയ സൗകര്യം പുതുതായി ആരംഭിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ അവയവ മാറ്റ പ്രവർത്തനങ്ങൾക്കായി ഗവേഷണ/ പരിശീലന/ രോഗി പരിചരണ രംഗങ്ങളിൽ അപ്പക്സ് കേന്ദ്രമായി പ്രവർത്തിക്കുന്നതിനായി കോഴിക്കോട് കേന്ദ്രമാക്കി Institute of Organ and Tissue Transplant സ്ഥാപിക്കുന്ന പദ്ധതിക്ക് 02.12.2022 ലെ സ.ഉ (കൈ) 254/2022/ആ.കു.വ പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രാഥമിക പ്രൊജക്റ്റ് പ്രൊപ്പോസൽ, മാസ്റ്റർ പ്ലാൻ എന്നിവ പൂർത്തിയായിട്ടുണ്ട്. പ്രാഥമിക പ്രൊജക്റ്റ് പ്രൊപ്പോസൽ, മാസ്റ്റർ പ്ലാൻ എന്നിവയുടെ അടിസ്ഥാനത്തിൽ കിഫ്ബി മുഖാന്തിരം, ഒന്നാം ഘട്ടം പൂർത്തിയാക്കുന്നതിന് 558.68 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതു വരെ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ PMSSY ബ്ലോക്കിൽ |

| | | | |
|---|---|---|---|
| | | | അവയവമാറ്റ ശസ്ത്രക്രിയാ ആശുപത്രിയുടെ പ്രവർത്തനത്തിന് താത്കാലിക സംവിധാനം ഒരുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ ബ്ലോക്കിൽ ഒരു ഓപ്പറേഷൻ തീയേറ്റർ, 20 ബെഡ് ഉള്ള ഐ.സിയു, 15 ബെഡ് വീതമുള്ള പുരുഷ വനിതാ വാർഡുകൾ, അഞ്ച് ഫാക്കൽറ്റി റൂമുകൾ, ഓഫീസ് സംവിധാനം, ഒ.പി റൂം എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. ഇതിലേയ്ക്കാവശ്യമുള്ള മെഡിക്കൽ ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ വഴി വാങ്ങുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. താത്കാലിക സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി പ്രൊജക്റ്റ് ഓഫീസും ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഭാരിച്ച സാമ്പത്തിക ചെലവുള്ള അവയവമാറ്റ ശസ്ത്രക്രിയകൾ ചെയ്യുന്നതിനുള്ള സൗകര്യം സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അവയവമാറ്റ ശസ്ത്രക്രിയകൾക്കുള്ള മരുന്നുകൾ കാരുണ്യസ്പർശം പദ്ധതിയുടെ ഭാഗമായി സൗജന്യമായി നൽകാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) | സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവമാറ്റ ശസ്ത്രക്രിയകൾ പൂർണമായും സൗജന്യമായാണ് നടത്താറുള്ളത്. അവയവമാറ്റം നടത്തുന്ന പാവപ്പെട്ടവരായ രോഗികൾക്ക് കാസ്പ് എംപാനൽഡ് ആശുപത്രികൾ വഴി സഹായം നൽകുന്നുണ്ട്. സർക്കാർ ജീവനക്കാർക്ക് മെഡിസെപ് വഴി അവയവമാറ്റത്തിന് സഹായം നൽകുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പദ്ധതികൾ വഴി ട്രാൻസ്പ്ലാന്റ് കഴിഞ്ഞ രോഗികൾക്കു സൗജന്യമായി മരുന്ന് നൽകി വരുന്നു. സാമൂഹിക സുരക്ഷാ മിഷന്റെ സമാശ്വാസം-II പദ്ധതി വഴി അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ രോഗികൾക്ക് എല്ലാ മാസവും പെൻഷൻ നൽകുന്നുണ്ട്. ഈ പദ്ധതിയിലൊന്നും ഉൾപ്പെടാത്ത നിർധനരായ രോഗികൾക്കു മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ സഹായം നൽകാറുണ്ട്.<br><br>അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്നതിന് സൗകര്യവും ലൈസൻസും ഉള്ള 49 ആശുപത്രികൾ സംസ്ഥാനത്ത് നിലവിലുണ്ട്. ഇതിൽ 5 സർക്കാർ ആശുപത്രികൾ ഉൾപ്പെടെ 38 ആശുപത്രികളിൽ വൃക്ക മാറ്റി വെക്കൽ ശസ്ത്രക്രിയ നടത്തുന്നുണ്ട്. കരൾ മാറ്റി വെക്കൽ ശസ്ത്രക്രിയ സൗകര്യമുള്ള 16 ആശുപത്രികൾ ഉണ്ട്. ഇതിൽ 2 സർക്കാർ ആശുപത്രികളും ഉൾപ്പെടും. ഹൃദയമാറ്റ ശസ്ത്രക്രിയയ്ക്ക് സൗകര്യമുള്ള 14 ആശുപത്രികൾ ഉള്ളതിൽ 2 സർക്കാർ ആശുപത്രികൾ ഉൾപ്പെടുന്നു. ഇത് കൂടാതെ സാധാരണക്കാർക്ക് ട്രാൻസ്പ്ലാന്റ് ശസ്ത്രക്രിയയ്ക്ക് മാത്രമായി ഏറ്റവും മികച്ച സൗകര്യവും തുടർ ചികിത്സയും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റ് എന്ന സ്ഥാപനം കോഴിക്കോട് ആരംഭിക്കുന്നതിനു വേണ്ടി |

| | | | |
|---|---|---|---|
| | | | 558.68 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>നിലവിൽ ക്യാൻസർ രോഗികൾക്ക് മാത്രമാണ് കാരുണ്യസ്പർശം പദ്ധതിയുടെ ഭാഗമായി മരുന്നുകൾ നൽകി വരുന്നത്. |
| (ഡി) | അവയവമാറ്റ ശസ്ത്രക്രിയയ്ക്കായി സർക്കാർ മെഡിക്കൽ കോളേജുകളിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് മുൻഗണന നൽകിയിട്ടുണ്ടോ; സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവമാറ്റ ശസ്ത്രക്രിയകൾക്കായി പ്രത്യേക വിഭാഗം രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ഡി) | തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ വൃക്ക മാറ്റി വെക്കൽ ശസ്ത്രക്രിയ സൗകര്യം നിലവിലുണ്ട്. ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം എറണാകുളം ജനറൽ ആശുപത്രിയിൽ വൃക്ക, ഹൃദയം മാറ്റിവെയ്ക്കൽ ശസ്ത്രക്രിയകൾക്കുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്കിൻ ബാങ്ക്, സ്കിൻ ട്രാൻസ്പ്ലാന്റ് സൗകര്യങ്ങൾ എന്നിവ ആരംഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുകയും കോട്ടയം, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ കരൾ മാറ്റ ശസ്ത്രക്രിയ സൗകര്യം ഒരുക്കുകയും കരൾമാറ്റ ശസ്ത്രക്രിയ വിജയകരമായി നടപ്പിലാക്കിയും വരുന്നുണ്ട്.<br><br>സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ അവയവ മാറ്റ പ്രവർത്തനങ്ങൾക്കായി ഗവേഷണ, പരിശീലന, രോഗി പരിചരണ രംഗങ്ങളിൽ ഒരു അപ്പക്സ് കേന്ദ്രമായി പ്രവർത്തിക്കുന്നതിനായി കോഴിക്കോട് കേന്ദ്രമാക്കി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റ് സ്ഥാപിക്കുന്നതിന് 02.12.2022 ലെ സ.ഉ (കൈ) നം.254/2022/ആ.കു.വ പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രാഥമിക പ്രൊജക്ട് പ്രൊപ്പോസൽ, മാസ്റ്റർ പ്ലാൻ എന്നിവയുടെ അടിസ്ഥാനത്തിൽ കിഫ്ബി മുഖാന്തിരം, ഒന്നാം ഘട്ടം പൂർത്തിയാക്കുന്നതിന് 558.68 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ